**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2421** — **18.7.2011-ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള : | ശ്രീ ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) തൊഴിൽ സാധ്യത കൂടുതലുള്ള മേഖലകളിലെ ട്രേഡുകളിൽ സംസ്ഥാനത്തെ ഐ.ടി.ഐ.കൾ വഴി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. തൊഴിൽദാതാക്കൾക്ക് തൊഴിലന്വേഷകരെ നേരിട്ട് കണ്ടെത്തുന്നതിനായി ജോബ് ഫെസ്റ്റും ട്രേഡ് ഫെയറും വ്യവസായപരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. |
| (ബി) അടുത്ത രണ്ടു വർഷങ്ങളിൽ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മികച്ച പരിശീലനം നൽകി അവരെ പൊതുമേഖലയ്ക്കൊപ്പം സ്വകാര്യമേഖലയിലും വകുപ്പു മുഖാന്തിരം നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികളിലൂടെയും പരമാവധി പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ